**പതിനാലാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *81 **28.09.2016-**ലെ മറുപടിക്ക്

<u>പട്ടികജാതി കുടുംബങ്ങൾക്ക് വീടുവയ്ക്കാൻ സ്ഥലം</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഐ.സി..ബാലകൃഷ്ണൻ<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.അടൂർ പ്രകാശ്<br>ശ്രീ.എ.പി. അനിൽ കുമാർ** | | **ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പട്ടികജാതി കുടുംബങ്ങൾക്ക് വീടുവയ്ക്കാൻ സ്ഥലം വാങ്ങുന്നതിന് പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ; വിശദമാക്കുമോ | (എ) | ഉണ്ട്. ഭൂരഹിതരും ദാരിദ്രരേഖയ്ക്ക് താഴെയുള്ളവരുമായ പട്ടികജാതി കുടുംബങ്ങൾക്ക് സ്വന്തമായി ഭൂമി വാങ്ങുന്നതിന് താഴെ പറയുന്ന നിരക്കിൽ ധനസഹായം അനുവദിച്ചു വരുന്നു.<br><br>ഏര്യ \| ഭൂമിയുടെ അളവ് \| അനുവദിക്കുന്ന തുക (സെന്റൊന്നിന്) \| ആകെത്തുക (രൂപ)<br>ഗ്രാമപ്രദേശം \| 5 സെന്റ് \| 75000/- \| 3.75 ലക്ഷം<br>മുൻസിപ്പാലിറ്റി \| 3 സെന്റ് \| 1.5 ലക്ഷം \| 4.50 ലക്ഷം<br>കോർപ്പറേഷൻ \| 3 സെന്റ് \| 2 ലക്ഷം \| 6.00 ലക്ഷം |
| (ബി) | പ്രസ്തുത പദ്ധതി നടത്തിപ്പുവഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (ബി) | ഭൂരഹിതരും ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരുമായ എല്ലാ പട്ടികജാതി കുടുംബങ്ങൾക്കും സ്വന്തമായി വീട് നിർമ്മിക്കുവാൻ ഭൂമി നൽകുകയും ഘട്ടം ഘട്ടമായി സംസ്ഥാനത്തെ ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങളെ മുഴുവൻ പുനരധിവസിപ്പിക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത് |

| ഏര്യ | ഭൂമിയുടെ അളവ് | അനുവദിക്കുന്ന തുക (സെന്റൊന്നിന്) | ആകെത്തുക (രൂപ) |
|---|---|---|---|
| ഗ്രാമപ്രദേശം | 5 സെന്റ് | 75000/- | 3.75 ലക്ഷം |
| മുൻസിപ്പാലിറ്റി | 3 സെന്റ് | 1.5 ലക്ഷം | 4.50 ലക്ഷം |
| കോർപ്പറേഷൻ | 3 സെന്റ് | 2 ലക്ഷം | 6.00 ലക്ഷം |

| | | | |
|---|---|---|---|
| (സി) | പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതെങ്ങനെയാണെന്ന് വ്യക്തമാക്കുമോ | (സി) | ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന അംഗീകൃത ഗ്രാമസഭ /വാർഡ് സഭ ലിസ്റ്റുകളിലെ മുൻഗണനാ ക്രമത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു. മേൽ ലിസ്റ്റുകൾ ലഭിക്കാത്ത സാഹചര്യത്തിൽ പത്രപരസ്യങ്ങളിലൂടെ അപേക്ഷ ക്ഷണിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനാദ്ധ്യക്ഷൻ, ജില്ലാ പട്ടികജാതി വികസന ഓഫീസർ / ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസർ, ടി ബ്ലോക്ക് പ്രദേശത്തെ സംസ്ഥാന ഉപദേശകസമിതി അംഗം /ജില്ലാ ഉപദേശകസമിതി അംഗം എന്നിവരടങ്ങുന്ന സമിതി അർഹതയുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു. |
| (ഡി) | പദ്ധതിയ്ക്കായി ബജറ്റിൽ എന്തു തുക വകയിരുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ? | (ഡി) | ഈ വർഷത്തെ (2016-17) ബഡ്ജറ്റിൽ പദ്ധതിക്കായി 17,497/- ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ